കൃഷിയും ജലസേചനവും മന്ത്രി (ശ്രീ. ഒ. കോരൻ):

(എ) ശ്രീമാൻ തമ്പാൻ തോമസ് അഡ്വക്കേറ്റ് എറണാകുളം എന്ന അനൗദ്യോഗിക അംഗത്തെ.

(ബി) ഇല്ല.

(സി) ഒരു ഗവൺമെൻറ് ഉദ്യോഗസ്ഥനായ അഡീഷണൽ സെക്രട്ടറി കോർപ്പറേഷൻറെ ചെയർമാൻ സ്ഥാനം ഏറെടുത്താൽ വേണ്ടത്ര സമയം കോർപ്പറേഷൻറെ കാര്യങ്ങൾ നോക്കാൻ കിട്ടുകയില്ല. ഒരു അനൗദ്യോഗിക അംഗത്തെ ചെയർമാനാക്കിയാൽ അദ്ദേഹത്തിന് കൂടുതൽ സമയം കോർപ്പറേഷൻറെ കാര്യക്ഷമതയ്ക്കുവേണ്ടി ചെലവാക്കാൻ സാധിച്ചേക്കുമെന്നു ഗവൺമെൻറിനു തോന്നിയതിനാൽ ശ്രീമാൻ തമ്പാൻ തോമസിനെ നിയമിച്ചതാണ്.

തോട്ടമുടമകൾ അനധികൃതമായി കയ്യടക്കിവച്ചിരിക്കുന്ന ഭൂമികൾ

* 202. [729] ശ്രീ. പി. ആർ. മാധവൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടമുടമകൾ അനധികൃതമായി കയ്യടക്കിവച്ചിരിക്കുന്ന ഭൂമികൾ ഒഴിപ്പിച്ചെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നു പറയുമോ;

(ബി) ഏതെങ്കിലും തോട്ടമുടമ അനധികൃതമായി സർക്കാർ ഭൂമി കയ്യടക്കിവച്ചിട്ടുണ്ടെന്നു പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതെല്ലാം;

(ഡി) പരാതിയിൻമേൽ എന്തുനടപടി സ്വീകരിച്ചു?

റവന്യൂമന്ത്രി (ശ്രീ. കെ. ടി. ജേക്കബ്):

(എ) എസ്റ്റേറ്റുടമകൾ അനധികൃതമായി കൈവശംവച്ചുകൊണ്ടിരിക്കുന്ന ഭൂമിയുടെ വിശദവിവരങ്ങൾ അറിഞ്ഞുവേണ്ട നടപടികളെടുക്കുവാൻ റവന്യൂബോർഡിലെ നാലാംമെമ്പറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പത്തനാപുരം താമരപ്പള്ളി റബ്ബർ കമ്പനിവക മാളിയേക്കൽ എസ്റ്റേറ്റ് ഉടമയുടെ കൈവശം ഏതാനും പുതുവൽ ഭൂമിയുള്ളതായി ഒരു പരാതി ലഭിച്ചിട്ടുണ്ട്.

(ഡി) എസ്റ്റേറ്റുടമയുടെ കൈവശമുള്ള സർക്കാർ ഭൂമി തിരിച്ചെടുക്കുന്നതിനു കൊല്ലം കളക്ടർക്കും പത്തനാപുരം തഹശീൽദാർക്കും വേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ജനസംഘവുമായി ബന്ധപ്പെട്ട സംഘട്ടനങ്ങൾ

* 203. [730] ശ്രീ. ആർ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1970 ജനുവരിക്കുശേഷം മലബാറിൽ ജനസംഘം ഇടപെട്ടുള്ള സംഘട്ടനങ്ങൾ വല്ലതും നടന്നോ?

(ബി) തിരൂർ നടന്ന സംഭവത്തിൽ എത്രപേർ മരിച്ചു?

LIBRARY ARCHIVES Kerala Legislative Assembly